ഉത്തരം

(എ) 5-4-1990-ൽ.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ബോർഡിൽ ജീവനക്കാർക്ക് സർവ്വീസ് ചട്ടങ്ങൾ ക്രമീകരിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ കേരള സർവ്വീസ് റൂൾസിലെ നിയമങ്ങൾ അനുസരിച്ചാണ് പ്രൊമോഷനും മറ്റു സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നത്. ബോർഡിൽ ഹെഡ്ഡാഫീസിലും മേഖലാ ആഫീസിലുമായി 21 അംഗീകൃത തസ്തികകൾ ഉണ്ട്.

(ഇ) കാലാകാലങ്ങളിൽ ഉള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉള്ള അനുപാതം അനുസരിച്ചും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും ബോർഡിന്റെ അംഗീകാരത്തോടുകൂടി എൽ. ഡി. ക്ലാർക്ക്, യു. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, യു. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേക്ക് 1:1 എന്ന അനുപാത പ്രകാരവും, യു. ഡി. ക്ലാർക്കിൽ നിന്ന് ഹെഡ് ക്ലാർക്ക് തസ്തികയിലേക്കും കൂടാതെ 10 വർഷത്തെ ഹയർ ഗ്രേഡ് പ്രൊമോഷനുകളും നല്കിയിട്ടുണ്ട്. ഇതിനുള്ള നിർദ്ദേശം ക്ഷേമനിധി ബോർഡ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ബോർഡിൽ രണ്ട് എൽ. ഡി. ക്ലാർക്ക്മാർക്ക് യു. ഡി. ക്ലാർക്ക്മാരായും ഒരു യു. ഡി. ക്ലാർക്കിന് ഹെഡ്ക്ലാർക്കായും ഒരു എൽ. ഡി. ടൈപ്പിസ്റ്റിനെ യു.ഡി. ടൈപ്പിസ്റ്റായും ഒരു എൽ. ഡി. ക്ലാർക്കിന് ഹയർഗ്രേഡ് പ്രൊമോഷനും ഒരു പ്യൂണിന് ഹയർ ഗ്രേഡ് പ്രൊമോഷൻ എന്നിങ്ങനെ ക്ഷേമനിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് ശമ്പള പരിഷ്കരണ ഉത്തരവിന്റെയും കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരവും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ജി) പ്രൊമോഷൻ സംബന്ധിച്ച് ക്ഷേമനിധി ബോർഡിൽനിന്നും സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

സെറിഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി

112 [2615] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെറികൾച്ചർ പദ്ധതി നടത്തിപ്പ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനും നിലവിലുള്ള സെറിഫെഡ് ജീവനക്കാരെ ഖാദി ബോർഡിന്റെ ഭാഗമാക്കി നിലനിറുത്തുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) സെറിഫെഡ് ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും കൺഫർമേഷൻ നൽകുന്നതിനും സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും തയ്യാറാകുമോ; ഇതിനായി എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ജീവനക്കാരുടെ യാത്രാബത്തയും മറ്റ് ആനുകൂല്യങ്ങളും കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള കുടിശ്ശിക എത്രയാണ്;

(എഫ്) കൃഷിക്കാർക്ക് നൽകേണ്ട സബ്സിഡി ഇനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ട്; പ്രസ്തുത സബ്സിഡികൾ എന്ന് വിതരണം ചെയ്യും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലായി 125 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുത്തി 40 സെറി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. സെറികൾച്ചർ പദ്ധതി നിർവഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. അധിക കൊക്കൂൺ ഉല്പാദനവും ഗുണമേന്മയും അതിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സിൽക്ക് ബോർഡിന്റെ സാമ്പത്തിക-സാങ്കേതിക സഹകരണത്തോടെയുള്ള വിവിധ പദ്ധതികളും, തിരുവനന്തപുരം ബാലരാമപുരം കേന്ദ്രമാക്കി സിൽക്ക് നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇപ്രകാരം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പട്ടുനൂൽ മുഴുവനും ഇവിടെത്തന്നെ വിറ്റഴിക്കുന്നതിനും തുടർന്ന് കയറ്റുമതി ചെയ്യുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും കൺഫർമേഷൻ നൽകുന്നതിനും സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സെറിഫെഡിൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇവ നല്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) യാത്രാബത്ത ഇനത്തിലും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലും ഏകദേശം 8 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്.

(എഫ്) സബ്സിഡി ഇനത്തിൽ കുടിശ്ശിക ഒന്നും നിലവിലില്ല. 2005 ഫെബ്രുവരി മാസം വരെ ലഭിച്ച അപേക്ഷകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഖാദി നെയ്ത്ത് ഉല്പാദന കേന്ദ്രങ്ങൾ

113 [2616] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട, എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഖാദി ബോർഡിന്റെ സഹായത്തോടെയും നേരിട്ടും എത്ര ഖാദി നെയ്ത്ത് ഉല്പാദന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഓരോന്നിലും എത്ര നൂൽപ്പുകാരും നെയ്ത്തുകാരും ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കേന്ദ്രങ്ങളിൽ ഓരോന്നിലും എത്ര ബോർഡ് ജീവനക്കാർ ഉണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബോർഡ് നേരിട്ടു നടത്തുന്ന 4 ഖാദി നെയ്ത്ത് കേന്ദ്രങ്ങളും 3 നൂൽപ്പു കേന്ദ്രങ്ങളും ഈ പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്നു.

(ബി ആന്റ് സി)

	നൂൽപ്പുകാർ എണ്ണം	*നെയ്ത്തുകാർ എണ്ണം*	*ബോർഡ് ജീവനക്കാർ*
നന്മണ്ട	..	12	1
എലത്തൂർ	..	..	..
തലക്കുളത്തൂർ	..	8	1
അത്തോളി	..	..	..
ഉള്ളിയേരി	21	..	1
ബാലുശ്ശേരി	38	88	3
പനങ്ങാട്	..	18	1
ആകെ	**59**	**126**	**7**

LIBRARY ARCHIVES Kerala Legislative Assembly